(Pages : 6) **P – 7508**

Reg. No. : .............................

Name : .................................

## First Semester B.A./B.Sc. Degree Examination, March 2023

## First Degree Programme under CBCSS

## Language Course II – Additional Language I – Malayalam

## ML 1111.1 : മലയാളകവിത

## (2021 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. മലയാളത്തിലെ ഏറ്റവും പ്രാചീനമായ പാട്ടുകൃതി ഏത്?

2. "എന്നുടെ ഭർത്താവു തുണയിനിക്ക്" ആരുടെ വാക്കുകൾ?

3. "ചീർക്കുന്ന മോദത്തെ പൂണ്ടു കണ്ണൻ" - എപ്പോൾ?

4. 'മൗസലപർവ്വം' കഥ പറയുന്നതാര്? ആരോട്?

5. 'മലയാളത്തിലെ മഹോപനിഷത്ത്' എന്നറിയപ്പെടുന്ന കൃതിയേത്?

6. ചമ്പു എന്നാൽ എന്ത്?

7. 'കരുണ'യുടെ വൃത്തം ഏത്?

8. "ചന്ദനത്തയ്യാണെങ്കിലുരഞ്ഞാൽ മണം പൊങ്ങും" ആരെക്കുറിച്ചാണ് ഈ പരാമർശം?

P.T.O.

9. ‘കുരുക്ഷേത്രം’ എന്ന കാവ്യം രചിച്ചതാര്?

10. ‘‘രണ്ടു വറ്റിനായി, ദുർല്ലഭമാം കലാ-

സ്വർണ്ണനിക്ഷേപങ്ങൾ തൂക്കി വിറ്റു’’ - ഇതിലെ സൂചനയെന്ത്?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും **എട്ടു** ചോദ്യത്തിന് **50** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11. ‘‘ആ മോഹം നീയൊട്ടു കരുതവേണ്ട’’

- ആരുടെ വാക്കുകൾ? മോഹം എന്ത്?

12. ‘‘മായയാൽ മൂടിന മാനസംതന്നിലെ

ജ്ഞാനം മറഞ്ഞങ്ങു പോകുമ്പോലെ’’

- സന്ദർഭവും അലങ്കാരവും എഴുതുക.

13. ‘‘കോഴിയിറച്ചീം പശുവിൻപാലും

വൈദ്യൻപോലും വിലക്കിയില്ല,ല്ലോ.’’

- സന്ദർഭവും ഹാസ്യവും വെളിപ്പെടുത്തുക.

14. ‘‘പുതുമേ, വീണ്ടും വീണ്ടും പുല്കുക ലോകത്തെ നീ’’

- ആരുടെ വരികൾ? കവിയുടെ ദർശനമെന്ത്?

15. ‘‘വാടാതെയുണ്ടെന്നുള്ളിൽ പണ്ടു കാലത്തിൻ നീണ്ട

ചൂടാണ്ട മാസങ്ങളിൽ പൂവിട്ടൊരുല്ലാസങ്ങൾ’’

- കവി മനസ്സിൽ നിറയുന്ന പഴയ ഉല്ലാസങ്ങളേതെല്ലാം?

16. ''ഒരു തെറ്റും തുച്ഛമായി ത്തോന്നില്ലല്ലോ

പെരിയോർക്കും ബാലർക്കും മദ്യപർക്കും'' - സന്ദർഭവും സാമൂഹികയാഥാർത്ഥ്യവും വ്യക്തമാക്കുക.

17. ''ആശയായുള്ള പാശമതിങ്കേന്നു

വേർവ്വിടാതെ കരേറുന്നു മേല്ക്കുമേൽ'' - ഈ ഉപനിഷത്ത് ദർശനം വ്യക്തമാക്കുക.

18. ശ്മശാനത്തിൽ കാണപ്പെട്ട അരയാലിനെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

19. ''ഒറ്റയ്ക്കു ഞാൻ നടക്കുന്നിടത്തൊക്കെയും

മറ്റൊരാളെന്തോ ചെവിയിൽ മൊഴിയുന്നു'' - സന്ദർഭവും ആശയവും എഴുതുക.

20. ''തിരിഞ്ഞു നോക്കീടാൻ പാടി

ല്ലോടിപ്പോവുക - പോവുക''

- ആരോടാണ് ഈ വാക്കുകൾ പറയുന്നത്? സന്ദർഭമേത്?

21. ''വഴിയോരത്തിൽക്കണ്ട

ചൂരൽ ചെന്നെടുത്തപ്പോൾ

മഴിവില്ലെങ്ങന്നോർത്തീ-

ലാഹ്ലാദമത്തൻ, മർത്ത്യൻ''

- ചൂരലും മഴവില്ലും പ്രതിനിധീകരിക്കുന്ന യാഥാർത്ഥ്യങ്ങൾ വ്യക്തമാക്കുക.

22. ''എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ

എൻ കണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?''

- സന്ദർഭവും കഥാപാത്രത്തിന്റെ മനോഗതിയും വെളിപ്പെടുത്തുക.

**(8 × 2 = 16 Marks)**

III. ഏതെങ്കിലും **ആറു** ചോദ്യത്തിന് **നൂറു** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23. ''ഇന്നലെയൊരു ചൊപ്പനം കണ്ടേ.....'' എന്നു തുടങ്ങുന്ന നാടൻ പാട്ടിൽ തെളിയുന്ന ദളിത് സ്വത്വം വെളിപ്പെടുത്തുക.

24. ''നീറി നിൻ മഹാഗർവ്വം
കരിഞ്ഞു തണുക്കുമ്പോൾ
വിരലാലെടുത്തവൾ
കണ്ണുകൾ കറുപ്പിക്കും'' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

25. ''ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ വെളിച്ചവും
മണവു മമതയും - ഇത്തിരി കൊന്നപ്പൂവും!''

- ഇവിടെത്തെളിയുന്ന കവിയുടെ മനുഷ്യസങ്കല്പവും പ്രകൃതിബോധവും വിശദമാക്കുക.

26. ''അടിമയെന്നോരുമ്പോൾപ്പിഞ്ചുഹൃത്തും
കഠിനമായ്ത്തീരുന്നതെന്തു കൊണ്ടോ?''

- സന്ദർഭവും ആശയവും വിശദീകരിക്കുക.

27. ''വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം''

- സന്ദർഭമെഴുതി അലങ്കാരത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

28. അസ്തമയപർവ്വത്തിൽ ഭാസ്കരഭഗവാൻ മറഞ്ഞപ്പോഴുള്ള കാഴ്ചകൾ വർണ്ണിക്കുക.

29. 'സൗന്ദര്യലഹരി' എന്ന കവിതയിൽ തെളിയുന്ന ചങ്ങമ്പുഴയുടെ ജീവിതദർശനം വിവരിക്കുക.

30. "പകലും രാത്രിയുമോരോ

പരുന്തുകൾ പോലെ വന്നെൻ

കവിളിന്മേൽ നഖം പോറി-

പ്പറന്നുപോകെ"

- സന്ദർഭം വെളിപ്പെടുത്തി സൂചിതത്തിന്റെ ഭംഗിയും ഔചിത്യവും വ്യക്തമാക്കുക.

31. "നല്ലതുവല്ലോം മോഷ്ടിച്ചാലുടനേ

അവനേ - വെറുതേ

കള്ളനാക്കും നിങ്ങടെ ചട്ടം"

- ആക്ഷേപഹാസ്യത്തിന്റെ ശക്തിയും ഔചിത്യവും ഈ വരികളെ മുൻനിർത്തി വിലയിരുത്തുക.

**(6 × 4 = 24 Marks)**

IV. **മുന്നൂറു വാക്കിൽ ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. കലികാലവർണ്ണനയിൽ തെളിയുന്ന എഴുത്തച്ഛന്റെ വർണ്ണനാപാടവം വിവരിക്കുക.

33. പെണ്ണ് അനുഭവിക്കുന്ന ദുരിതലോകങ്ങളെ പെൺകുഞ്ഞ് 90, കുളക്കടവിൽ, ഓർമ്മകൾ മറയുന്നത് എന്നീ കവിതകളെ മുൻനിർത്തി വിശദീകരിക്കുക.

34. പെരുന്തച്ചന്റെ മനോവിചാരങ്ങളെ മനഃശാസ്ത്രരീത്യാ അപഗ്രഥിക്കുക.

35. കവിജീവിതം തെരഞ്ഞെടുക്കുന്നതിന്റെ ദുഃഖങ്ങൾ കാടിന്റെ മടിയിൽ, വിരാമം, എഴുത്ത് എന്നീ കവിതകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

---